"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ 2015-16 -ലെ കണക്കുകൾ അംഗീകരിക്കുന്നതിനായി വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുന്നതിന് ഗവർണറുടെ പ്രതിനിധിയായി വ്യവസായ (കെ) വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീമതി.പത്മജ.എസ് -നെ നാമനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.236/2024/ID തീയതി,തിരുവനന്തപുരം, 20-03-2024

---

പരാമർശം:- ബാംബൂ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 27.02.2024 -ലെ KSBC/F&A/2024/2558 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ 2015-16 ലെ കണക്കുകൾ അംഗീകരിക്കുന്നതിനായി വാർഷിക പൊതുയോഗം നടത്തേണ്ടതുണ്ടെന്നും പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതിന് ഗവർണറുടെ പ്രതിനിധിയായി ഒരു ഉദ്യോഗസ്ഥനെ നാമനിർദ്ദേശം ചെയ്യണമെന്നും പരാമർശ പ്രകാരം കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ 2015-16 ലെ കണക്കുകൾ അംഗീകരിക്കുന്നതിനായുള്ള വാർഷിക പൊതുയോഗത്തിൽ കേരള ഗവർണറിൽ നിക്ഷിപ്തമായ വോട്ടവകാശം ഉൾപ്പെടെയുള്ള അവകാശങ്ങളും അധികാരങ്ങളും വിനിയോഗിച്ച് പങ്കെടുക്കുന്നതിന് കമ്പനിയുടെ ഷെയർ ഹോൾഡർ എന്ന നിലയിൽ ഗവർണറുടെ പ്രതിനിധിയായി വ്യവസായ (കെ) വകുപ്പിന്റെ സെക്ഷൻ ഓഫീസർ ആയ ശ്രീമതി.പത്മജ.എസ് -നെ നാമനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, എറണാകുളം
ശ്രീമതി.പത്മജ.എസ്, സെക്ഷൻ ഓഫീസർ, വ്യവസായ (കെ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം
ഐ& പി.ആർ.ഡി (പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ (ND-K1/51/2024-IND)

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 20-03-2024 16:57:52
സെക്ഷൻ ഓഫീസർ